പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5558 — 04.07.2013-ലെ മറുപടിക്ക്

കെട്ടിട നിർമ്മാണ മേഖലയിൽ സുരക്ഷാ ഓഡിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ മേഖലയിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) സേഫ്റ്റി ആഡിറ്റ് സിസ്റ്റം നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. നിർമ്മാണ മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനായാണ് സേഫ്റ്റി ആഡിറ്റ് സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിർമ്മാണ സ്ഥലത്ത് മൊത്തത്തിലുള്ള സുരക്ഷ ഉറപ്പുവരുത്തുക, ഉണ്ടാകാവുന്ന അപകടങ്ങളെ സംബന്ധിച്ച് തൊഴിലാളികൾക്ക് മുന്നറിയിപ്പ് കൊടുക്കുക, അപകടം ഒഴിവാക്കാൻ നിർമ്മാണ സ്ഥലത്ത് ആവശ്യാനുസരണം വെളിച്ചം ക്രമീകരിക്കുക, ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുക, തൊഴിലാളികൾ സൈൻ ബോർഡിലെ നിർദ്ദേശം പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, വൈദ്യുതിയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട സുരക്ഷാ ക്രമീകരണം ഉറപ്പു വരുത്തുക, തീപിടുത്തം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക എന്നിവ ടി സിസ്റ്റത്തിൽ ഉൾപ്പെടുന്നു. |
| (ബി) ഇതിനായി ഒരു സുരക്ഷാ മാന്വൽ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഓഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ മാന്വലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ? | (ബി) & (സി) പരിഗണനയിലുണ്ട്. നിശ്ചിത ഉയരത്തിൻമേലുള്ള കെട്ടിടങ്ങൾക്കുള്ള നിർമ്മാണ അനുമതിക്ക് വേണ്ടി പഞ്ചായത്ത്/കോർപ്പറേഷൻ അധികാരികൾക്ക് അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം സേഫ്റ്റി പ്ലാൻ തയ്യാറാക്കി നൽകേണ്ടതും നിശ്ചിത കാലയളവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏജൻസിയെക്കൊണ്ട് സുരക്ഷാ മാന്വൽ പ്രകാരം സേഫ്റ്റി ആഡിറ്റ് നടത്തുന്നതിനുള്ള നിയമ വ്യവസ്ഥ കൊണ്ടു വരുന്നതിനും ഉദ്ദേശിക്കുന്നു. |

Deepu

സെക്ഷൻ ഓഫീസർ